കോൺഫിഡൻഷ്യലായി കിട്ടുന്ന കാര്യങ്ങൾ ചോർത്തിക്കൊടുക്കാൻ കാണിക്കുന്ന ആ പ്രത്യേകമായ കഴിവെങ്കിലും കാണിക്കേണ്ടേ? ബഹുമാനപ്പെട്ട സ്പീക്കർ ഇവിടെ ഒരുപാട് തവണ റൂളിംഗ് നൽകി. മുഖ്യമന്ത്രി ഫ്ളോറിൽ ഉറപ്പ് നൽകി; എന്നിട്ടും ഇത് പാലിക്കുന്നില്ല. എന്നുള്ളതാണ് സത്യം. ഇന്ന് ആകെ ചോദിച്ച ചോദ്യങ്ങളുടെ പത്തിലൊന്നിനുപോലും മറുപടി നൽകിയില്ല എന്നുള്ളത് ഈ സഭയോട് കാണിക്കുന്ന അനാദരവാണ്. അതുകൊണ്ട് അങ്ങ് വ്യക്തമായ റൂളിംഗ് നൽകണം. റൂളിംഗ് കൊണ്ട് മാത്രം കാര്യമില്ല ആ റൂളിംഗിലെ കാര്യം നടപ്പാക്കണം.

ശ്രീ. കെ. പി. രാജേന്ദ്രൻ: സർ, ഞങ്ങൾ ഇക്കാര്യം ഈ സഭയിൽ പല പ്രാവശ്യം ഉന്നയിച്ചതാണ്. ആദ്യത്തെ ദിവസത്തെ ചോദ്യത്തിനുള്ള ഉത്തരംപോലും ഇതുവരെ കിട്ടിയിട്ടില്ല. നാളെ സമ്മേളനം പിരിയുകയാണ്. ആദ്യത്തെ ദിവസം മുഖ്യമന്ത്രി പറയേണ്ട മറുപടിപോലും ഇന്നേവരെ ലഭിച്ചിട്ടില്ല. ഞങ്ങൾ അതൊക്കെ കൃത്യമായി എഴുതി ചോദ്യം നമ്പർ സഹിതം ഇവിടെ ഹാജരാക്കാം. ഞാൻ ചോദിക്കട്ടെ വരൾച്ചാദുരിതാശ്വാസത്തിന് കേന്ദ്രത്തിൽനിന്ന് സഹായമായി കിട്ടിയ തുകയിൽ സ്റ്റേറ്റ് ഗവൺമെന്റ് എത്ര സംഖ്യ അർഹതപ്പെട്ടവർക്ക് കൊടുത്തു, അല്ലെങ്കിൽ അതിൽ എത്ര വിനിയോഗിച്ചു എന്നതിനെ സംബന്ധിച്ചുള്ള ചോദ്യത്തിനുപോലും മറുപടി തന്നിരിക്കുന്നത് 'വിവരം ശേഖരിച്ചു വരുന്നു' എന്നാണ്. 'വിവരം ശേഖരിച്ചു വരുന്നു' എന്നുപറഞ്ഞാൽ അത് മറുപടിയാകുമോ? ഞങ്ങൾക്ക് തന്ന പല മറുപടികളും 'വിവരം ശേഖരിച്ചുവരുന്നു' എന്നതാണ്. അത് മറുപടിയല്ല; പല ചോദ്യങ്ങൾക്കും ആ മറുപടിയുമില്ല. ചെയർ സഭയിൽ രണ്ട്, മൂന്ന് പ്രാവശ്യം ഇക്കാര്യം ചൂണ്ടിക്കാണിച്ചപ്പോൾ എന്റെ എല്ലാ ചോദ്യങ്ങൾക്കും ഞാൻ ഉത്തരം നൽകിക്കഴിഞ്ഞു എന്ന് മുഖ്യമന്ത്രി പറഞ്ഞു. പക്ഷെ ഈ ദിവസം വരെ ഞങ്ങൾക്ക് ആർക്കും ഒരു ചോദ്യത്തിനും ഉത്തരം കിട്ടിയിട്ടില്ല.

ശ്രീ. ബിനോയ് വിശ്വം: സർ, ഒരു വാചകം മാത്രം പറയാം, ചോദ്യോത്തരങ്ങളുടെ കാര്യമാണ് എനിക്ക് പറയാനുള്ളത്. ഒരു ചോദ്യം കൊടുത്താൽ ആദ്യം ഒരുത്തരം തരും. അതു കഴിഞ്ഞ് അത് തിരുത്തുന്നു; ആ ഉത്തരം വീണ്ടും തെറ്റുന്നു; അങ്ങനെ ആകപ്പാടെ ചോദ്യോത്തരവേളയെ തത്വത്തിൽ അവഹേളിക്കുകയാണ് ചെയ്യുന്നത്. ചെയർ ഇതിനെപ്പറ്റി പറയണം.

IX. റൂളിംഗ്

മി. ഡെപ്യൂട്ടി സ്പീക്കർ: ചോദ്യങ്ങളുടെ ഉത്തരങ്ങൾ അന്നന്നുതന്നെ അംഗങ്ങൾക്ക് ലഭ്യമാക്കാൻ ഗവൺമെന്റ് പ്രത്യേകം ശ്രദ്ധിക്കണം. ഗവൺമെന്റ് എന്നുപറഞ്ഞാൽ മന്ത്രിയാണ്.

LIBRARY ARCHIVES Kerala Legislative Assembly